# ACADEMIC MASTER PLAN 2025-26

ചൂലൂർ എ എൽ പി സ്കൂൾ

ESTD: 1910

തലമുറകൾക്ക് തണലായ്...

# CHOOLUR ALP SCHOOL

# ഉള്ളടക്കം


ആമുഖം

വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ

പരിമിതികൾ പ്രതിസന്ധികൾ

അക്കാദമികം

- മലയാളം
- ഇംഗ്ലീഷ്
- ഗണിതം
- പരിസരപഠനം

IEDC വിദ്യാഭ്യാസം

ICT പഠനം

കലാപഠനം

പ്രവൃത്തിപരിചയം

ആരോഗ്യ കായിക വിദ്യാഭ്യാസം

അക്കാദമികം-വാർഷിക പദ്ധതി

ഭൗതികപ്രവർത്തനങ്ങൾ

സ്റ്റാഫ്

പി.ടി.എ

എം.പി.ടി.എ

ഉപസംഹാരം

# ആമുഖം

ചൂലൂരും സമീപപ്രദേശങ്ങളിലുമുള്ള സവർണ സമുദായത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഏർപ്പെടുത്തിയ എഴുത്തുപള്ളി കൂടമാണ് ചൂലൂർ എ.എൽ.പി. സ്കൂൾ എന്ന് പിന്നീട് നാമകരണം ചെയ്യപ്പെട്ടത് . 1910 ലാണ് ശ്രീ . എൻ.ടി മാധവൻ നമ്പൂതിരി സ്വസമുദായത്തിൽപ്പെട്ടവരുടെ എതിർപ്പുകളെ അവഗണിച്ചു കൊണ്ട് ഈ വിദ്യാലയം പൊതുസമൂഹത്തിന് സമർപ്പിച്ചത് .

ഭൗതികമായ പല പരിമിതികൾ ഈ സ്ക്കൂളിനുണ്ടെങ്കിലും അക്കാദമിക മികവിലും മത്സരപ്പരീക്ഷകളിലെ വിജയത്തിനും ഏതൊരു മികച്ച വിദ്യാലയത്തോടും കിട പിടിക്കുന്നതാണ് നമ്മുടെ സ്കൂൾ. നൂറ്റിപ്പത്ത് വർഷത്തിലധികം പാരമ്പര്യമുള്ള ഈ പൊതു വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുകയും കുട്ടിയുടെ ശേഷികളും നൈപുണികളും മനോഭാവവും വളർത്തിയെടുത്ത് അവനെ ഒരു വിശ്വപൗരനായി വാർത്തെടുക്കുകയാണ് വിദ്യാലയത്തിന്റെ ലക്ഷ്യം .

ആരംഭകാലത്ത് അഞ്ചാം തരം ഉണ്ടായിരുന്ന ഈ സ്ക്കൂളിൽ പ്രദേശത്ത് പല പുതിയ സ്ക്കൂളും അനുവദിക്കപ്പെട്ടതോടെ ഉയർന്ന ക്ലാസ്സ് നാലായി കുറഞ്ഞു . ഇപ്പോൾ സ്ക്കൂളിൽ ലഭ്യമായിട്ടുള്ള രേഖകൾ പ്രകാരം 1935 മുതൽ ഇന്നേവരെ സർവ്വശ്രീ . നാരായണൻ നായർ , പി . അച്ചുതൻ നായർ , പി . എം . നാരായണൻ നമ്പൂതിരി , എ . അച്ചുതൻ , കെ . സുന്ദരൻ , സി . ചാത്തുകുട്ടി , ഇ പെണ്ണമ്മജോസഫ്,ഹരികുമാർ എന്നിവർ പ്രഥമാധ്യാപകരായും 42 പേർ സഹാധ്യാപകരായും സേവനം അനുഷ്ഠിച്ചതായി കാണുന്നു .

എല്ലാ തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്ന വിപുലമായ വിദ്യാർത്ഥി സമ്പത്തും ഈ സ്കൂളിനുണ്ട് . കർഷകർ,ഡോക്ടർമാർ , എൻജിനീയർമാർ, നിയമജ്ഞൻമാർ , അദ്ധ്യാപകർ , ഐ.ടി വിദഗ്ദ്ധൻ സാഹിത്യകാരന്മാർ എന്നിങ്ങനെ പലരും ഈ കൂട്ടത്തിലുണ്ട് .

# വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ

അക്കാദമിക രംഗങ്ങളിലും കലാകായികരംഗങ്ങളിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് . അക്കാദമിക മികവ കാണിക്കുന്ന കുട്ടികളെ നമ്മുടെ സ്ക്കൂളിൽ എൻഡോവ്മെന്റുകളും പാരിതോഷങ്ങളും നൽകി എക്കാലവും ആദരിക്കാറുണ്ട് . ഈ കാര്യത്തിൽ സ്കൂളിന്റെ പരിസരപ്രദേശത്തെ വിവിധ ക്ലബുകളുടെയും വ്യക്തികളുടെയും സഹായസഹകരണങ്ങൾ എടുത്തു പറയേണ്ടതാ ണ്

തുടർച്ചയായി കുന്ദമംഗലം ഉപജില്ലയിൽ ഏറ്റവുമധികം LSS നേടുന്ന വിദ്യാലയങ്ങളിൽ ഒന്നാണ് നമ്മുടെ സ്കൂൾ . വിവിധ സ്കോളർഷിപ്പുകൾ , ക്വിസ് മത്സരങ്ങൾ , യൂറിക്കാ വിജ്ഞാനോത്സവം എന്നിവയിൽ നമ്മുടെ കുട്ടികളുടെ നേട്ടം എടുത്തു പറയത്തക്ക വിധമാണ് . അതത് ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ സ്കൂളിൽ നടത്താറുണ്ട്. കുട്ടികളിലെ വായന പരിപോഷിപ്പിക്കുന്നതിനായി വായന പൂമരം വായനാവസന്തം സകുടുംബംവായനോത്സവം എന്നീ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

സബ്ജില്ലാതല കലാകായിക ശാസ്ത്രമേളകളിലും നമ്മുടെ കുട്ടികൾ അവരുടെ മികവ് തെളിയിക്കാറുണ്ട് .

# പരിമിതികൾ പ്രതിസന്ധികൾ

- ക്ലാസ് തല പ്രൈമറികൾ ക്രമീകരിക്കുന്നതിന് ആവശ്യമായ ഷെൽഫുകൾ നമുക്കില്ല.

- സ്കൂളിൽ ചുറ്റുമതിൽ നവീകരിക്കേണ്ടതുണ്ട്.

## ഗണിതം

- ഗണിതാശയങ്ങൾ മനസ്സിലാക്കുന്നതിനും നൂതനസന്ദർഭത്തിൽ പ്രയോഗിക്കുന്നതിനും ഉള്ള കഴിവുകൾ നേടുക.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ എളുപ്പം പരിഹരിക്കുന്നതിന് കഴിവുള്ളവരാകുക.
- ഗണിത വേഗത വർദ്ധിപ്പിക്കുക.
- ഗണിതാശയങ്ങൾ അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും കഴിയുക.
- ഗണിതാസ്വാദനം സാധ്യമാകുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തിയെടുക്കുക.
- അമൂർത്ത ആശയങ്ങൾ മനസ്സിലാക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും പ്രാപ്തരാക്കുക.
- ബന്ധങ്ങൾ കാര്യകാരണ സഹിതം വിശദീകരിക്കുന്നതിനുള്ള കഴിവ് നേടുക.
- ICT സാധ്യതകളുപയോഗിച്ച് ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുക.

## ഇംഗ്ലീഷ്

- കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

- ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക രചനയിലേർപ്പെടാനുള്ള കഴിവ് നേടിയെടുക്കുക.

- ഇംഗ്ലീഷ് ഭാഷയിലുള്ള വിവിധ വ്യവഹാര രൂപങ്ങളിൽ നിന്ന് ആശയം ഗ്രഹിക്കുന്നതിനുള്ള കഴിവ് നേടുക.

# മലയാളം

## പ്രശ്നങ്ങൾ

- 3, 4 ക്ലാസുകളിൽ ആശയഗ്രഹണത്തോടെയുള്ള വായന സാധ്യമാകുന്നില്ല.
- ചിഹ്നങ്ങൾ തിരിച്ചറിയാത്ത അവസ്ഥ.
- വാക്യഘടനയിലെ തെറ്റുകൾ.
- ചേർത്തെഴുതിയ പദങ്ങൾ വായിക്കാനും എഴുതാനും പ്രയാസം 1,2 ക്ലാസ്സുകളിൽ.
- സർഗ്ഗാത്മക രചനയിലേർപ്പെടാനുള്ള പ്രയാസം.

## ലക്ഷ്യങ്ങൾ

- ആശയഗ്രഹണത്തോടെയുള്ള വായന എല്ലാ കുട്ടികൾക്കും സാധ്യമാക്കുക.
- ചിഹ്നങ്ങൾ യഥോചിതം ഉപയോഗിക്കാനുള്ള കഴിവ് നേടിയെടുക്കുക
- വാക്യഘടന പാലിച്ച് തെറ്റില്ലാതെ വാക്യങ്ങൾ എഴുതുക.
- ചേർത്തെഴുതിയ പദങ്ങൾ എഴുതാനും വായിക്കാനും കഴിയുക.
- സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക.

## പരിസരപഠനം

- കൗതുകം ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യഖ്യാനിക്കാൻ കഴിയൽ.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- നിരന്തരമായ അന്വേഷണങ്ങളിലേർപ്പെടുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുക.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യൽ.
- ശാസ്ത്രീയമായ വീക്ഷണം രൂപപ്പെടുത്തൽ.
- പ്രകൃതിയിലെ മനുഷ്യന്റെ ഇടപെടൽ വിവേക പൂർണ്ണമാക്കൽ.
- ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യനന്മക്കായി ഉപയോഗപ്പെടുത്തുക.
- സാമൂഹ്യനന്മക്കായി പ്രവർത്തിച്ചവരോട് ആദരവ് പുലർത്തുക.
- വിവരസാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യൽ.
- സാമൂഹ്യപ്രതിബദ്ധത വളർത്തുക.

## പ്രശ്നം ആശയഗ്രഹണത്തോടെയുള്ള വായനയില്ലായ്മ

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>വായനയിൽ താല്പര്യക്കുറവ്<br>അക്ഷരങ്ങൾ ഉറയ്ക്കായ്ക | ലഘു വാക്യങ്ങളടങ്ങിയ വാക്യകാർഡുകൾ വായനാമൂലയിൽ ഒരുക്കുക. (കുഞ്ഞുണ്ണിക്കവിതകൾ) | *വായനാക്കാർഡ്<br>* നിർമ്മാണം ചിത്രങ്ങളോടുകൂടിയ വായനാകാർഡുകൾ (ജിജ്ഞാസ ഉണർത്തുന്നത്) |
| അദ്ധ്യാപകൻ<br>സമയക്കുറവ്.<br>ധാരണക്കുറവ്. | മികച്ച ആസൂത്രണം നടത്തൽ<br>SSG യിൽ ചർച്ച ചെയ്യൽ | SRG യിൽ മികവുറ്റതാക്കൽ |
| രക്ഷിതാക്കൾ<br>പുതിയ ബോധനരീതിയെക്കുറിച്ചുള്ള ധാരണക്കുറവ്<br>താൽപ്പര്യക്കുറവ് | രക്ഷിതാക്കൾക്ക് CPTA യിൽ ക്ലാസ്സ് നൽകൽ<br>മാതൃകാക്ലാസുകൾ സംഘടിപ്പിക്കൽ | CPTA യിൽ ബോധവാന്മാരാക്കൽ.<br>ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തൽ |
| സംവിധാനം<br>വായനാമെറ്റീരിയൽ<br>യഥാസമയം ലഭ്യമാക്കായ്ക | ലഘു വായനാക്കാർഡുകൾ ലഭ്യമാക്കൽ | ശില്പശാല വഴി വായനാമെറ്റീരിയലുകൾ തയ്യാറാക്കൽ |

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| വായനാക്കാർഡുകൾ ക്ലാസ് തലത്തിൽ സജ്ജീകരിക്കൽ | PTA | | | | |
| കഥ പൂർത്തിയാക്കൽ | | | 2000/- | | |
| കവിത കഥയാക്കൽ | | June | | | PTA |
| ചിത്രത്തിൽ നിന്ന് കഥ | SRG | to | | PTA | SSG |
| വിശകലനാത്മക ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ | | March | | | |
| വായനാമൂല | Class Tr | | | | |
| വായനാമത്സരം | Class Tr | | | | |
| ഇ-വായന | Class Tr | | | | |
| അമ്മ വായന | PTA | | | | |
| പത്രവായന | PTA, SSG | | | | |
| ഗ്രന്ഥശാല അംഗത്വം | PTA | | | | |
| ലൈബ്രറി നവീകരണം | PTA | 1 Year | 10,000/- | | PTA<br>SSG |
| ബാലമാസികകൾ | PTA | 1 Year | 2000/- | | PTA |
| ഡയറി വായന | Class Tr | | | | SSG |
| നിരന്തര വായന | Class Tr | | | | |

## പ്രശ്നം: ചിഹ്നങ്ങൾ തിരിച്ചറിയുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദേശം | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>ചിഹ്നങ്ങൾ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. | ഉച്ചാരണവ്യക്തതയോടെയും ശബ്ദവ്യതിയാനത്തോടെയുള്ളകാര്യങ്ങൾ കാണാനും കേൾക്കാനും അവസരം സൃഷ്ടിക്കുക. | ആഭരണമണിയിക്കാം.<br>ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് വാക്യങ്ങൾ പൂർത്തീകരിക്കൽ |
| അദ്ധ്യാപകൻ<br>സമയക്കുറവ്<br>ഭിന്നനിലവാരക്കാർ | ഭിന്നനിലവാരക്കാർക്കാവശ്യമായ വാക്യകാർഡുകൾ ശേഖരിക്കൽ തയ്യാറാക്കൽ | SSG യിൽ മികവുറ്റതാക്കൽ<br>Pear Group രൂപീകരണം |
| രക്ഷിതാക്കൾ<br>പഠനകാര്യങ്ങളിൽ ശ്രദ്ധയില്ല | CPTA യിൽ കാര്യങ്ങൾ വിശദീകരിക്കൽ | പഠനകാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശം, പഠനസാഹചര്യങ്ങൾ ഒരുക്കൽ |
| സംവിധാനം<br>പാഠപുസ്തകങ്ങളിൽ ചിഹ്നം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പോരായ്മ | ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനുള്ള വർക്ക്ഷീറ്റുകൾ ലഭ്യമാക്കൽ | വർക്ക് ഷീറ്റ് നിർമ്മാണം |

| ഉപപ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലം | ഏജൻസി |
|---|---|---|---|---|
| ആഭരണം അണിയിക്കാം | | | | |
| എഴുത്തുകൂട്ടം | Peer | | | |
| വായനാകുറിപ്പ് | Group | | | |
| ചിത്രം നോക്കി കഥ എഴുതൽ | Class Tr | | | |
| പതിപ്പ് നിർമ്മാണം | | | | |
| ആസ്വാദനകുറിപ്പ് | Malayalam | 2000/- | | |
| വിവരണങ്ങൾ | Club | | | |
| നിരീക്ഷണകുറിപ്പ് | | | | |
| ദിനാചരണകുറിപ്പ് | | | | |
| പത്രവാർത്ത | | | | |
| കഥാപൂരണം | | | | |
| കത്ത്/ ആശംസാകാർഡ് | | | | |
| പോസ്റ്റർ | | | | |
| സംഭാഷണം | | | | |
| പതിപ്പുകൾ | Class Tr | 500/- | Jan | PTA |

## പ്രശ്നം: വാക്യഘടനയിൽ തെറ്റു വരുത്തുന്നു

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>വായനയുടെ അഭാവം<br>വായനയിലുള്ള താല്പര്യക്കുറവ്. | ബാലപ്രസിദ്ധീകരണങ്ങൾ, വായനാക്കാർഡുകൾ, വിവരണം, പത്രവാർത്ത, എന്നിവ വായിക്കാനവസരം | വായനാമൂല സജ്ജീകരിക്കൽ<br>ഭിന്നനിലവാരവായനയ്ക്കുതകുന്ന പ്രവർത്തനങ്ങൾ<br>ദിവസേന വായന |
| അദ്ധ്യാപകൻ<br>വായനയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.<br>സമയക്കുറവ് | നിരന്തരവായന പ്രോത്സാഹിപ്പിക്കുക<br>സമയബന്ധിതമായി ദിവസവും വായിപ്പിക്കൽ | കുട്ടികളിൽ വായിക്കാൻ പ്രേരിപ്പിക്കുന്ന രീതിയിൽ പുസ്തക പരിചയം നടത്തൽ |
| രക്ഷിതാക്കൾ<br>വായനയിൽ താല്പര്യക്കുറവ് | വായനയുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ<br>ലൈബ്രറി അംഗത്വം എടുക്കൽ | അമ്മ വായന<br>അമ്മ ലൈബ്രറി<br>അമ്മമാർക്ക് വായനാമത്സരങ്ങൾ |
| സംവിധാനം<br>ICT ഉപയോഗിച്ച് കേൾപ്പിക്കാനുള്ള സംവിധാനങ്ങളുടെ അഭാവം | പാഠപുസ്തകത്തോടൊപ്പം അനുബന്ധ വിഷയങ്ങളുടെ ICT സാധ്യത (ഉപകരണങ്ങൾ, Link കൾ എന്നിവ ലഭ്യമാക്കൽ) | ശില്പശാല<br>(വിദഗ്ദ്ധരെ ഉപയോഗിച്ച്) |

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| വായനാമൂല സജ്ജീകരണം | SSG | | | | |
| ക്ലാസ്സ് നിലവാരത്തിനുയോജിച്ച പുസ്തക ശേഖരണം | PTA<br>കുട്ടികൾ | June<br>to<br>March | 2000/- | SSG<br>PTA | |
| ക്ലാസ്സിലും അസംബ്ലിയിലും പുസ്തകപരിചയം നടത്തൽ | Class Tr<br>SRG | July<br>to<br>March | 1000/- | SSG | |
| <u>അമ്മവായന</u><br>ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ അമ്മമാർ വായിച്ച് കഥ കുട്ടികൾക്ക് പറഞ്ഞു കൊടുക്കൽ | PTA | July<br>to<br>March | | | |

# പ്രശ്നം: ചേർത്തെഴുതിയ പദങ്ങൾ എഴുതാനും വായിക്കാനുമുള്ള പ്രയാസം

| കാരണങ്ങൾ | പരിഹാരങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ<br>വായനയിൽ താൽപ്പര്യക്കുറവ്<br>അവസരം ലഭിക്കുന്നില്ല | ചേർന്നെഴുതിയ പദങ്ങൾ കണ്ടെത്താനും അവ പിരിച്ചെഴുതാനും ഉള്ള അവസരം | പദങ്ങൾ കണ്ടെത്താം പിരിച്ചെഴുതാം ചേർത്തെഴുതാം |
| അദ്ധ്യാപകർ<br>കണ്ടെത്താൻ ശ്രമിക്കുന്നില്ല<br>പരിഹാരപ്രവർത്തനങ്ങൾ നൽകാൻ കഴിയുന്നില്ല. | മാതൃകകൾ പരിചയപ്പെടുത്തൽ | വിവിധ ഭാഷാകേളികൾ എത്ര പദങ്ങൾ |
| രക്ഷിതാവ്<br>പ്രശ്നങ്ങൾ കണ്ടെത്താനോ തിരിച്ചറിയാനോ ശ്രമിക്കുന്നില്ല | CPTA ബോധവൽക്കരണം<br>പരിഹാരപ്രവർത്തനങ്ങൾ നിർദ്ദേശിക്കൽ | തുടർപ്രവർത്തനങ്ങൾ കണ്ടെത്തുക |
| സംവിധാനം<br>ചേർത്തെഴുത്ത്, പിരിച്ചെഴുത്ത് തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുന്നില്ല. | വർക്ക് ഷീറ്റുകൾ | വർക്ക് ഷോപ്പുകൾ |

| പ്രവർത്തനം | ചുമതല | സാമ്പത്തികം | കാലം | ഏജൻസി |
|---|---|---|---|---|
| 1. ഭാഷാകേളികൾ | | | | |
| 2. നാവു വഴങ്ങാമോ | | | | |
| 3. ചങ്ങാതിയെ കണ്ടെത്താം (പദക്കാർഡുകൾ നൽകി) | Class Tr | June to | 500/- | |
| 4. ചേർത്തെഴുതൽ | | March | | |
| 5. പിരിച്ചെഴുതൽ | Class Tr | | 500/- | |
| 6. വായനാകാർഡ് | | | | |

## പ്രശ്നം: സർഗ്ഗാത്മകരചനയിൽ ഏർപ്പെടാൻ കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാരങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ<br>അനുഭവക്കുറവ്<br>വായനയുടെ അഭാവം<br>ആശയക്കുറവ് | അനുഭവങ്ങൾ ഒരുക്കൽ<br>അനുഭവങ്ങൾ പങ്കുവെക്കൽ | രചനാ മത്സരങ്ങൾ<br>പതിപ്പ്<br>ICT<br>പതിപ്പ്<br>അനുഭവങ്ങൾ പങ്കുവെക്കൽ |
| അദ്ധ്യാപകർ<br>യോജിച്ച അനുഭവങ്ങൾ ഒരുക്കാൻ സാധിക്കുന്നില്ല | മാതൃകകൾ അവതരിപ്പിക്കൽ<br>അദ്ധ്യാപകന്റെ വായന മെച്ചപ്പെടുത്തൽ<br>സ്വാനുഭവങ്ങൾ വിശദീകരിക്കൽ | സ്വാനുഭവങ്ങൾ<br>യാത്രാവിവരണം<br>വിവരണം<br>കത്ത്<br>ആസ്വാദനക്കുറിപ്പ് അനുഭവക്കുറിപ്പ് ഇവ പരിചയപ്പെടുത്തൽ |
| രക്ഷിതാവ്<br>കുടുംബ പശ്ചാത്തലം<br>സഹായം ലഭ്യമാക്കുന്നതിനുള്ള പ്രയാസം | ബോധവത്ക്കരണ ക്ലാസ്<br>ക്യാമ്പുകളിൽ പങ്കെടുക്കൽ<br>രക്ഷിതാക്കളുടെ വായന പ്രോത്സാഹിപ്പിക്കൽ | ബോധവത്കരണ ക്ലാസ്<br>ക്യാമ്പ്<br>കുട്ടികളുമായി തുറന്ന ചർച്ചകൾ |
| സംവിധാനം<br>മാതൃകകളുടെ അഭാവം | മാതൃകകൾ ലഭ്യമാക്കൽ | വർക്ക് ഷീറ്റുകൾ |

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| പദസൂര്യൻ | | ജൂൺ to മാർച്ച് | | | |
| അനുഭവങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ള ഫീൽഡ് ട്രിപ്പ് | Class Teacher<br>SRG<br>PTA | | | | |
| ICT സാധ്യത | | | | | |
| പതിപ്പു നിർമ്മാണം | | December | 500 | | |

# ഇംഗ്ലീഷ്

## പ്രശ്നങ്ങൾ

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും കഴിയുന്നില്ല.

## ലക്ഷ്യങ്ങൾ

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി ഉപയോഗിക്കാനുള്ള കഴിവ് നേടുക.

**പ്രശ്നം എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും കഴിയുന്നില്ല.**

| കാരണങ്ങൾ | പരിഹാരമാർഗ്ഗം | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>ഇംഗ്ലീഷിനോടുള്ള ഭയം<br>ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള അവസരക്കുറവ്<br>പദസമ്പത്ത് കുറവ് | ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കുക<br>കളികളിലൂടെ ഇംഗ്ലീഷ് പഠനം<br>ആത്മവിശ്വാസം വർദ്ധിപ്പിക്കുക<br>Communicative ഇംഗ്ലീഷിന് പ്രാധാന്യം നൽകുക | Rhymes<br>Stories<br>Assembly<br>News paper readers<br>workshop<br>Diary<br>Magazine<br>games |
| അദ്ധ്യാപകർ<br>ഇംഗ്ലീഷ് സംസാരിക്കാനുള്ള ആത്മവിശ്വാസക്കുറവ് | പരിശീലനങ്ങൾ<br>ശില്പശാലകൾ<br>Pear Group<br>ആസൂത്രണം<br>Interaction questions | Workshop<br>Experient courses |
| രക്ഷിതാക്കൾ<br>ഇംഗ്ലീഷിലെ പരിജ്ഞാനക്കുറവ്<br>പഠനരീതിയെക്കുറിച്ചുള്ള ധാരണക്കുറവ്<br>അമിത ഉത്കണ്ഠ | ബോധവത്ക്കരണ ക്ലാസ്<br>ഉത്കണ്ഠ ലഘൂകരിക്കൽ<br>പഠനരീതി വിശദീകരിക്കൽ | Workshop<br>courses for parents |
| സംവിധാനം<br>CD, Videos ലഭ്യതക്കുറവ്<br>പാഠപുസ്തകങ്ങൾ വളരെ മികവുറ്റതാക്കൽ | Games, CDs എന്നിവ ലഭ്യമാക്കൽ<br>പഠനാന്തരീക്ഷം സൃഷ്ടിക്കൽ | Worksheets<br>Reading cards<br>CD, Videos etc.... |

| പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| സാധ്യമായ സാഹചര്യങ്ങളിലെല്ലാം ഇംഗ്ലീഷ് ഉപയോഗിക്കുക | | June to march | 2000/- | SRG PTA | |
| Interaction Quesions കൂടുതലായി ഉപയോഗിക്കുക | Class Teacher | March | | | |
| Games, Stories എന്നിവയ്ക്ക് പ്രാധാന്യം | Class Teacher | 1 Year | 2000/- | | |
| English Assembly | Class Teacher | All weak | | | |
| Diary | Class Teacher | 1 Year | | | |
| Magazine | Club & PTA | Feb & March | 1000/- | PTA | |
| Workshop for teachers aids | PTA | Jan & Feb | 2000/- | PTA SSG | |
| Skit | Club | Sept Dec | 1000 | Tr | |
| Roleplay | Class Tr | 1 Year | 1000 | Tr | |
| Story card | Class Tr | 1 Year | 3000 | PTA SSA | |
| Rhymes card | Class Tr | 1 Year | 2000 | PTA | |
| ICT | Class Tr | 1 Year | 2000 | PTA | |
| News reading | Class Tr | 1 Year | 500 | | |
| A speach in a day | Class Tr | I Year | - | | |

# ഗണിതം

## പ്രശ്നങ്ങൾ

- ഒന്ന് രണ്ട് ക്ലാസ്സുകളിൽ ഗണിതക്കിറ്റിന്റെ ലഭ്യതക്കുറവ്
- സംഖ്യാവ്യാഖ്യാനത്തിൽ പ്രയാസം
- പുന:ക്രമീകരണം വരുന്ന വ്യവകലന ക്രിയകളിൽ പ്രയാസം
- പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ സാധിക്കുന്നില്ല

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഗണിതകിറ്റ്
- സംഖ്യകളെ വിവിധ രീതിയിൽ വ്യഖ്യാനിക്കാനുള്ള കഴിവ് നേടുക
- വ്യവകലന ക്രിയകളിൽ താൽപ്പര്യം വർദ്ധിപ്പിക്കുക
- എല്ലാവർക്കും പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് നേടുക
- യുക്തിചിന്തയിലൂടെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൽ

## പ്രശ്നം: 1,2 ക്ലാസ്സുകളിൽ ഗണിതകിറ്റിന്റെ ലഭ്യതക്കുറവ്

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>മൂർത്ത വസ്തുക്കളുടെ ലഭ്യതക്കുറവ് | ആവശ്യകതാ ബോധം സൃഷ്ടിക്കൽ<br>മൂർത്ത വസ്തുക്കൾ ശേഖരിക്കൽ<br>അനുയോജ്യമായ പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ശേഖരണം<br>അഭിനയം (കച്ചവടം) |
| അദ്ധ്യാപകർ<br>സമയക്കുറവ്<br>ഭിന്നനിലവാരം<br>ആസൂത്രണ അഭാവം<br>ലഭ്യതക്കുറവ് | പഠനോപകരണ നിർമ്മാണ ശില്പശാലകൾ<br>മൂർത്ത വസ്തുശേഖരണം | ഗണിതക്യാമ്പ്<br>ശില്പശാലകൾ |
| രക്ഷിതാവ്<br>പുതിയ ബോധനരീതിയെക്കുറിച്ച് ധാരണക്കുറവ്<br>പരിമിതമായ അറിവ്<br>താല്പര്യക്കുറവ് | താല്പര്യം സൃഷ്ടിക്കൽ<br>ബോധവത്ക്കരണം | പഠനോപകരണക്യാമ്പുകളിൽ പങ്കാളികളാകൽ |
| സംവിധാനം<br>മൂർത്ത വസ്തുക്കൾ ലഭ്യമാക്കുന്നില്ല | സമയബന്ധിതമായി മൂർത്ത വസ്തുക്കൾ ലഭ്യമാക്കൽ | ശില്പശാല<br>ശേഖരണം |

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| ശേഖരണം<br>മൂർത്ത വസ്തുക്കളുടെ ശേഖരണം | CPTA | ജൂൺ | 2000 | PTA | |
| ഗണിതക്യാമ്പ്<br>ഗണിതം വിദഗ്ദ്ധർ നയിക്കുന്ന ക്യാമ്പുകൾ സംഘടിപ്പിക്കൽ | SSG<br>PTA | സെപ്റ്റംബർ | 2000 | PTA<br>S.S.G | |
| ശില്പശാല<br>പഠനോപകരണങ്ങൾ നിർമ്മിക്കുന്ന ശില്പശാല | S.S.G<br>P.T.A<br>S.R.G | ജൂൺ<br>to<br>ജൂലൈ | 2000 | S.S.G<br>PTA | |

**പ്രശ്നം: സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നതിന് പ്രയാസം**

| കാരണങ്ങൾ | പരിഹാരനിർദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>താല്പര്യക്കുറവ്<br>ശ്രദ്ധക്കുറവ് | ആവശ്യകതാബോധം സൃഷ്ടിക്കൽ<br>കളികളിലൂടെ ഗണിതാശങ്ങൾ അവതരിപ്പിക്കൽ<br>നിത്യജീവിതവുമായി ബന്ധപ്പെടുത്തുക | സംഖ്യാസൂര്യൻ<br>മുന്നിൽ പിന്നിൽ സംഖ്യാറിബൺ അബാക്കസ്<br>ഞാനാര്? |
| അദ്ധ്യാപകർ<br>സമയക്കുറവ്<br>ഭിന്നനിലവാരക്കാരെ പരിഗണിക്കൽ വ്യത്യസ്ത സാധ്യതകൾ കണ്ടെത്തുന്നില്ല | ഭിന്നനിലവാര പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുക<br>Tecahing aids ഉപയോഗിക്കൽ<br>ICT പ്രയോജനപ്പെടുത്തൽ | ഗണിതകിറ്റ്<br>കളിപ്പെട്ടി ICT |
| രക്ഷിതാവ്<br>ധാരണക്കുറവ്<br>തുടർ പ്രവർത്തനങ്ങളിൽ ശ്രദ്ധക്കുറവ് | CPTA യിൽ വിശദീകരണം<br>തുടർ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളാകുന്നുണ്ടെന്ന് ഉറപ്പു വരുത്തൽ | സംഖ്യാകാർഡ്<br>സ്ഥാനവില ഉറപ്പിക്കൽ |
| സംവിധാനം | | |

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| ഞാനാര് ? | Class Teacher | ജൂൺ To മാർച്ച് | | | |
| സംഖ്യാ വീട് | | | | | |
| സംഖ്യാസൂര്യൻ | Class Teacher | ജൂൺ To മാർച്ച് | | PTA SRG | |
| മുന്നിൽ പിന്നിൽ | | | 1000 | | |
| ടപ്പ് ടപ്പ് കളി | Class Teacher | ജൂൺ To മാർച്ച് | | | |
| അബാക്കസ് | | | | | |
| സ്ഥാനവില പോക്കറ്റ് | Class Teacher | ജൂൺ To മാർച്ച് | | | |
| സംഘം ചേരാം | | | | | |
| ചേർത്തു വരയ്ക്കാം | Class Teacher | ജൂൺ To മാർച്ച് | | | |
| കത്തും കവറും | Class Teacher | ജൂൺ To മാർച്ച് | | | |
| ചേരുന്നതാര്? | | | | | |
| | Class Teacher | ജൂൺ To മാർച്ച് | | | |

## പ്രശ്നം: പുന: ക്രമീകരണം വരുന്ന വ്യവകലനപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസം

| കാരണങ്ങൾ | പരിഹാരങ്ങൾ | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>ആശയക്കുഴപ്പം<br>ധാരണക്കുറവ് | Simple to complex<br>(മൂർത്തമായതിൽ നിന്നും അമൂർത്തമായതിലേക്ക്) ധാരാളം പ്രവർത്തനങ്ങൾ ചെയ്യുക<br>നിത്യജീവിതവുമായി ബന്ധപ്പെടുത്തുക | കളിപ്പെട്ടി<br>ഒളിഞ്ഞിരിക്കുന്നവനാര്<br>സംഖ്യക്കെന്തു ചന്തം<br>പ്രശ്നാ പ്രവർത്തനങ്ങൾ |
| അദ്ധ്യാപകർ<br>ഭിന്നനിലവാരക്കാർ<br>ആസൂത്രണക്കുറവ്<br>സമയക്കുറവ് | SRG യിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുക<br>Teching aids കൂടുതലായി ഉപയോഗിക്കൽ | ICT കളിപ്പെട്ടി |
| രക്ഷിതാവ്<br>പുതിയ ബോധനരീതിയെക്കുറിച്ചുള്ള ധാരണക്കുറവ്<br>CPTA പങ്കാളിത്തക്കുറവ് | CPTA സജീവമാക്കുക<br>വൈവിധ്യമാക്കുക | |
| സംവിധാനം<br>ഗണിത പ്രവർത്തനങ്ങളുടെ അഭാവം | വർക്ക് ഷീറ്റുകൾ ലഭ്യമാക്കൽ | വർക്ക് ഷീറ്റുകൾ |

**പ്രശ്നം: പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവില്ലായ്മ**

| കാരണങ്ങൾ | പരിഹാരങ്ങൾ | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>ഭാഷാവസ്തുക്കളെ ഗണിതാശയത്തിലേക്ക് മാറ്റാനുള്ള പ്രയാസം | പ്രശ്നങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക. പ്രശ്ന സാഹചര്യം സ്ക്കൂളിൽ ഒരുക്കുക. ധാരാളം പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനവസരം നൽകുക | Honesty shop<br>കടയിലേക്ക്<br>ചില്ലറയാക്കിയപ്പോൾ<br>ICT സാധ്യത പ്രയോജനപ്പെടുത്തൽ |
| അദ്ധ്യാപകർ<br>സമയക്കുറവ്<br>ഭിന്നനിലവാരക്കാരെ പരിഗണിക്കുന്നതിൽ പ്രയാസം<br>അനുഭവങ്ങൾ ഒരുക്കുന്നതിന്റെ അപാകത | മികച്ച ആസൂത്രണം<br>ക്ലാസ്സ് മുറികളിൽ പഠനാനുഭവം ഒരുക്കൽ<br>പഠനോപകരണങ്ങൾ സാഹചര്യത്തിനൊത്ത് പ്രയോഗിക്കൽ | തുല്യമായി വീതിക്കാം<br>Bills<br>കട<br>ആദായ വില്പന<br>വിലവിവരപ്പട്ടിക |
| രക്ഷിതാവ്<br>ധാരണക്കുറവ് | പഠനാന്തരീക്ഷം വീട്ടിൽ ഒരുക്കൽ<br>CPTA യിൽ പങ്കാളിത്തം ഉറപ്പാക്കൽ | |
| സംവിധാനം<br>ഭിന്നശേഷിക്കാരെ പരിഗണിച്ചുള്ള പ്രവർത്തനങ്ങളുടെ അഭാവം | പഠനോപകരണങ്ങളുടെ പോരായ്മ | പഠനോപകരണ നിർമ്മാണ ശില്പശാല ക്യാമ്പുകൾ |

| പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| ക്ലാസ്സിലൊരു കട | Class Teacher | | | | |
| ന്യായവില ഷോപ്പ് | SSG | ജൂൺ To മാർച്ച് | 1000 | SRG | |
| ചില്ലറ മാറാം | PTA | | | PTA | |
| ബില്ലുകൾ പൂർത്തിയാക്കാം | | | | | |
| ആദായവില്പന | | | | | |
| ലാഭമോ നഷ്ടമോ? | | ജൂൺ To മാർച്ച് | | | |
| ബാക്കിയെത്ര? | | | | | |
| ഇനിയുമെത്ര? | | | | | |

## പ്രശ്നം: യുക്തിചിന്ത ഗണിതത്തിൽ പ്രയോഗിക്കാനുള്ള പ്രയാസം

| കാരണങ്ങൾ | പരിഹാരം | പ്രവർത്തനം |
|---|---|---|
| കുട്ടികൾ<br>അനുഭവക്കുറവ്<br>യുക്തിചിന്ത വളർത്തുന്ന പ്രവർത്തനങ്ങളുടെ കുറവ് | കളികളിലൂടെ ഗണിതപഠനം<br>ഗണിതപഠനം രസകരമാക്കൽ | പാറ്റേൺ<br>മാന്ത്രികചതുരം<br>മനക്കണക്ക്<br>കളിപ്പെട്ടി<br>കുസൃതിക്കണക്ക് |
| അദ്ധ്യാപകർ<br>സമയക്കുറവ്<br>ഇത്തരം പ്രവർത്തനങ്ങൾ കണ്ടെത്തുന്നില്ല<br>ഭിന്നനിലവാരക്കാർ | SRG കാര്യക്ഷമമാക്കൽ<br>ആസൂത്രണം മികവ് നേടുക<br>ഭിന്നനിലവാര പ്രവർത്തനങ്ങൾ കണ്ടെത്തുക | ധാരാളം പ്രവർത്തനങ്ങൾ നൽകൽ<br>ICT കളിപ്പെട്ടി |
| രക്ഷിതാവ്<br>അറിവില്ലായ്മ<br>കുടുംബാന്തരീക്ഷം<br>ധാരണക്കുറവ് | CPTA യിൽ പങ്കാളിത്തം ഉറപ്പുവരുത്തുക<br>വിശദീകരിക്കൽ | |
| സംവിധാനം<br>വെല്ലുവിളികളും താല്പര്യങ്ങളും ഉണർത്തുന്ന പ്രവർത്തനങ്ങളുടെ അഭാവം | ആകർഷകമായ പുസ്തകങ്ങൾ ലഭ്യമാക്കൽ | വർക്ക് ഷീറ്റുകൾ |

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലയളവ് | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| പസിലുകൾ<br>പാറ്റേണുകൾ<br>മാന്ത്രികചതുരം<br>കലണ്ടർ പൂർത്തിയാക്കാം<br>ക്യസുതികണക്കുകൾ<br>ഞാനാര്<br>ഗണിതം ലളിതം | ക്ലാസ് ടീച്ചർ<br>ഗണിത ക്ലബ് | 1000/- | ജൂൺ<br>To<br>മാർച്ച് | PTA<br>Tr S | |

# പരിസരപഠനം

## പ്രശ്നങ്ങൾ

1. നിരീക്ഷണം എന്ന പ്രക്രിയാശേഷിയുടെ അഭാവം

2. പരീക്ഷണങ്ങൾക്ക് വേണ്ടത്ര സജ്ജീകരണങ്ങളില്ല.

3. Smart Class Room ന്റെ അഭാവം

4. ജൈവ വൈവിധ്യപാർക്കിന്റെ അഭാവം

5. പ്രകൃതി ഒരു പാഠപുസ്തകം ഉൾക്കൊണ്ട് കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

## ലക്ഷ്യങ്ങൾ

1. നിരീക്ഷണ പാടവം എല്ലാ കുട്ടികളിലും വളർത്തുക

2. ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു ലാബ്

3. സ്മാർട്ട് ക്ലാസ് റൂം

4. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടൽ

# പ്രശ്നം നിരീക്ഷണം ഫലപ്രദമാകുന്നില്ല

| കാരണങ്ങൾ | പരിഹാരനിർദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ<br>അവസരങ്ങളുടെ കുറവ് | നിരീക്ഷണം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നൽകൽ<br>പഞ്ചേന്ദ്രിയങ്ങൾ ഉപയോഗിക്കാൻ പരമാവധി അവസരങ്ങളൊരുക്കൽ | തരം തിരിക്കാം<br>പഠനയാത്ര<br>ICT<br>നിരീക്ഷണകുറിപ്പ് |
| അദ്ധ്യാപകർ<br>സമയക്കുറവ്<br>പഞ്ചേന്ദ്രിയങ്ങളിലൂടെയുള്ള അനുഭവങ്ങൾ ഒരുക്കാൻ ശ്രമിക്കുന്നില്ല. | ആസൂത്രണം മികവുറ്റതാക്കൽ<br>അനുഭവങ്ങൾ ഒരുക്കൽ | Field trip<br>ICT സാധ്യതകൾ<br>ഉപയോഗപ്പെടുത്തൽ<br>വിഭവഭൂപടം തയ്യാറാക്കൽ |
| രക്ഷിതാക്കൾ<br>ധാരണക്കുറവ്<br>വേണ്ടത്ര പ്രോത്സാഹനം നൽകുന്നില്ല | CPTA യിൽ വിശദീകരണം | സർവ്വേകളിലും മറ്റും പങ്കാളികളാക്കുക<br>നാട്ടറിവ് ശേഖരണം |
| സംവിധാനം<br>ഫണ്ടിന്റെ അഭാവം<br>ലാബിന്റെ അഭാവം | പഠനയാത്ര, ലാബ് എന്നിവയ്ക്കാവശ്യമായ Fund ലഭ്യമാക്കൽ | പഠനയാത്ര<br>ലാബ്<br>ജൈവവൈവിധ്യപാർക്ക് |

| ഉപപ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| പഞ്ചേന്ദ്രിയങ്ങൾ ഉപയോഗപ്പെടുത്തി വസ്തുക്കൾ തിരിച്ചറിയൽ | SRG | ജൂൺ To മാർച്ച് | 1000/- | PTA | |
| ഭക്ഷ്യയോഗ്യം അല്ലാത്തവ | Class Teacher | ജൂൺ | | | |
| ആരാദ്യം മുളയ്ക്കും | | ഹ്രസ്വകാലം | 500/- | Tr. | |
| ജലം പാഴാകുന്ന സന്ദർഭങ്ങൾ | Class Teacher | | | | |
| ജീവനുള്ളവയുടെ പ്രത്യേകതകൾ/ അല്ലാത്തവയുടേതും | Class Teacher | | | | |
| പക്ഷിനീരിക്ഷണം | Class Teacher | | | | |
| ഇല | | | | | |
| വേര് | Class Teacher | | | | |
| കലകൾ അറിയാം | | ഹ്രസ്വകാലം | | | |
| ഭൂപട വായന | | | | | |
| Field Trip | Class Teacher | | 2000/- | PTA | |
| വീടുകൾ പലതരം | | | | | |
| അനുകൂലനങ്ങൾ | Class Teacher | | | | |
| ഇര പിടിക്കും തന്ത്രങ്ങൾ | | | | | |
| ജൈവവൈവിധ്യ ഉദ്യാനം | SSG | ദീർഘകാലം | 20,000/ | SSG PTA | |
| ഔഷധച്ചെടികൾ | | | | | |
| പ്രകൃതി നിരീക്ഷണം | | | | | |

# പ്രശ്നം പരീക്ഷണങ്ങൾ വേണ്ടത്ര ഫലപ്രദമാകുന്നില്ല

| കാരണങ്ങൾ | പരിഹാരം | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ<br>വ്യക്തിഗതമായി പരീക്ഷണം ചെയ്യാനോ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനോ അവസരമില്ല<br>പരീക്ഷണ ലാബിന്റെ അഭാവം | മികച്ച ലാബ് തയ്യാറാക്കൽ<br>എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തൽ<br>ICT സാധ്യത ഉപയോഗപ്പെടുത്തൽ | പരീക്ഷണങ്ങളിലേർപ്പെടൽ<br>വ്യക്തിഗതമായി പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കൽ |
| അദ്ധ്യാപകർ<br>ഉപകരണങ്ങളുടെ അഭാവം<br>ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താത്തത്<br>സ്മാർട്ട് ലാബിന്റെ അഭാവം | Smart ആയ പരീക്ഷണ ലാബ്<br>ഉപകരണങ്ങൾ സജ്ജീകരിക്കൽ<br>ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തൽ | ലാബിലേക്കാവശ്യമായ സാധനങ്ങൾ മുൻകൂട്ടി ശേഖരിക്കൽ<br>കൃത്യമായ Planning ഓട്കൂടി പരീക്ഷണങ്ങൾ നടത്തുക |
| രക്ഷിതാക്കൾ<br>ധാരണക്കുറവ്<br>തുടർപ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകാൻ കഴിയാതിരിക്കൽ | CPTA സജീവമാക്കൽ<br>CPTA യിൽ വിശദീകരണം | ലഘു പരീക്ഷണങ്ങളിൽ രക്ഷിതാക്കളുടെ സാന്നിധ്യം ഉണ്ടാക്കുക |
| സംവിധാനം<br>ഓരോ ക്ലാസ്സ് മുറികളിലേക്കും വേണ്ട പരീക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്യാതിരിക്കൽ | പാഠഭാഗത്തേക്കാവശ്യമായ പരീക്ഷണ സാമഗ്രികൾ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുക | പരീക്ഷണങ്ങൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും ക്ലാസ്സുകൾ |

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | ഏജൻസി | വിലയിരുത്തൽ |
|---|---|---|---|---|---|
| ക്ലാസ്സ് തിരിച്ച് പരീക്ഷണങ്ങൾ List ചെയ്യൽ<br>സാമഗ്രികൾ List ചെയ്യൽ<br>സാമഗ്രികൾ ശേഖരിക്കൽ<br>എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കി പരീക്ഷണങ്ങളിലേർപ്പെടൽ | SRG<br>PTA | June to July | 5000/- | PTA | |

# IEDC വിദ്യാഭ്യാസം

പ്രശ്നം : റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭിക്കുന്നില്ല.

ഭിന്നശേഷിക്കാർക്കാവശ്യമായ പഠനപ്രവർത്തനങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ്

ലക്ഷ്യം : ഭിന്നശേഷിക്കാരായ കുട്ടികളുടെ സർവ്വതോമുഖമായ വളർച്ച

പ്രശ്നം : ഭിന്നശേഷിക്കാർക്കായി രൂപീകരിച്ച പ്രത്യേക പാഠ്യപദ്ധതി പ്രവർത്തനങ്ങൾ എന്നിവയില്ല

| കാരണങ്ങൾ | പരിഹാരങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| <u>കുട്ടികൾ</u><br>താല്പര്യമില്ലായ്മ<br>അദ്ധ്യാപകരുടെ സേവനക്കുറവ്<br>പഠനാനുഭവങ്ങളുടെ ലഭ്യതക്കുറവ് | IEDC കുട്ടികൾക്ക് യോജിച്ച പാഠ്യ പദ്ധതി<br>റിസോഴ്സ് അദ്ധ്യാപകരുടെ സേവനങ്ങൾ | അനുഭവങ്ങൾ ഒരുക്കൽ<br>Work Sheet<br>ഭിന്നനിലവാര പ്രവർത്തനങ്ങൾ |
| <u>അദ്ധ്യാപകർ</u><br>യോജിച്ച പഠനാനുഭവങ്ങൾ ഒരുക്കാൻ കഴിയുന്നില്ല<br>പ്രശ്നം കണ്ടെത്താൻ കഴിയുന്നില്ല | പരിശീലനം നൽകുക.<br>യോജിച്ച പാഠ്യപദ്ധതി രൂപികരിക്കുക | ശില്പശാല<br>പരിശീലന പരിപാടികൾ |
| <u>രക്ഷിതാവ്</u><br>ധാരണക്കുറവ്<br>സഹായിക്കാനുള്ള കഴിവില്ലായ്മ | ബോധവത്ക്കരണ ക്ലാസ്സ്<br>CPTA സജീവമാക്കൽ | പാഠ്യപദ്ധതിയെക്കുറിച്ച് ബോധവത്കരണം<br>ശില്പശാല |
| <u>സംവിധാനം</u><br>ഭിന്നശേഷിക്കാർക്കാവശ്യമായ പ്രവർത്തനങ്ങൾ ക്രിയകൾ എന്നിവ ലഭ്യമാക്കുന്നില്ല | ഭിന്നനിലവാരക്കാർക്കാവശ്യമായ പാഠ്യപദ്ധതി രൂപികരിക്കുക | Work Sheet<br>ശില്പശാലകൾ കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും സംഘടിപ്പിക്കൽ |

# ICT പഠനം

## പ്രശ്നം

ICT അധിഷ്ഠിത ക്ലാസ്സ് മുറിയില്ല

സമയക്കുറവ്

പ്രവർത്തനരഹിതമായ കമ്പ്യൂട്ടറുകൾ

## ലക്ഷ്യം

കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളും പ്രാപ്തരാക്കൽ

## കാരണങ്ങൾ

Smart ക്ലാസ്സ് മുറികളില്ല

പൊടി ശല്യം

തകരാറിലായ ഉപകരണങ്ങൾ

പരിശീലനത്തിന്റെ അഭാവം

സ്ഥിരം ചുമതലയുള്ള അദ്ധ്യാപകരില്ല

## പരിഹാര നിർദ്ദേശം

എല്ലാ ക്ലാസ്മുറികളും Smart ആക്കുക

സ്ഥിരം അദ്ധ്യാപകനെ നിയമിക്കുക

അദ്ധ്യാപകർക്ക് പരിശീലനം നൽകുക

3:1 എന്ന അനുപാതത്തിൽ കമ്പ്യൂട്ടർ അനുവദിക്കുക

Repair, Maintance എന്നിവയ്ക്ക് പ്രത്യേക വകയിരുത്തുക

# കലാപഠനം

## പ്രശ്നം

കുട്ടികളിലെ കഴിവുകൾ കണ്ടെത്താനോ പരിപോഷിപ്പിക്കാനോ കഴിയുന്നില്ല

പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരില്ല

## ലക്ഷ്യം

കലാപരമായ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുകയും അവ വളർത്തിയെടുക്കുകയും ചെയ്യുക

## കാരണങ്ങൾ

### കുട്ടികൾ

സ്വന്തം കഴിവുകൾ തിരിച്ചറിയുന്നില്ല

കഴിവുകൾ പ്രകടിപ്പിക്കാനവസരം ലഭിക്കുന്നില്ല

വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല

### അദ്ധ്യാപകർ

സമയക്കുറവ്

കഴിവുകൾ കണ്ടെത്താൻ ശ്രമിക്കുന്നില്ല

കലാപഠനത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നില്ല

### രക്ഷിതാവ്

കലാപഠനത്തിന്റെ പ്രാധാന്യം അറിയുന്നില്ല

പഠനത്തെ പ്രതികൂലമായ് ബാധിക്കുമെന്ന് കരുതുന്നു

കുടുംബ പശ്ചാത്തലം

കുട്ടിയുടെ കഴിവ് തിരിച്ചറിയുന്നില്ല

### സംവിധാനം

കലാപഠനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല

കലാപഠനങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നില്ല

നിർധനരായ കഴിവുള്ള കുട്ടികൾക്ക് കഴിവ് പരിപോഷിപ്പിക്കുവാൻ സാമ്പത്തിക സഹായം ലഭ്യമാക്കുന്നില്ല

### പരിഹാരനിർദ്ദേശം

കലാപഠനത്തിന് അവസരമൊരുക്കൽ

കഴിവ് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

ശില്പശാലകൾ

കലാദ്ധ്യാപകരെ നിയമിക്കൽ

# പ്രവൃത്തി പരിചയ പഠനം

**പ്രശ്നം**

പ്രവൃത്തി പരിചയത്തിൽ പഠിതാവിന്റെ കഴിവ് മെച്ചപ്പെടുത്തണം

കുട്ടികളുടെ താല്പര്യത്തിനനുയോജ്യമായ പ്രവർത്തനങ്ങളുടെ കുറവ്

**ലക്ഷ്യം**

പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ സർവ്വതോമുഖമായ വളർച്ച

തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളായി കുട്ടികളെ മാറ്റുക

**കാരണങ്ങൾ**

**കുട്ടികൾ**

അവസരങ്ങളുടെ ലഭ്യതക്കുറവ്

ക്ലബ് പ്രവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നില്ല

**അദ്ധ്യാപകർ**

ധാരണക്കുറവ്

പരിശീലനം ലഭിക്കുന്നില്ല

പാഠഭാഗവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല

**രക്ഷിതാവ്**

പഠനത്തെ പ്രതികൂലമായ് ബാധിക്കുമെന്ന് കരുതുന്നു

അറിവില്ലായ്മ

പ്രതികൂല സാഹചര്യം

**സംവിധാനം**

ആവശ്യമായ പരിശീലനങ്ങൾ നൽകാതിരിക്കൽ

ബോധവത്ക്കരണ ക്ലാസ്സുകൾ

പ്രവൃത്തിപരിചയ നിർമ്മാണവസ്തുക്കൾ വിതരണം ചെയ്യാതിരിക്കൽ

**പരിഹാരനിർദ്ദേശം**

കുട്ടികളുടെ അഭിരുചിക്കിണങ്ങുന്ന പ്രവർത്തനങ്ങൾ കണ്ടെത്തൽ

ക്ലബ് പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തുക

നിർമ്മാണവസ്തുക്കൾ ശേഖരിക്കൽ

**പ്രവർത്തനം**

Veg പ്രിന്റിംഗ്, ചോക്ക്, കുട നിർമ്മാണം, ഫ്രേബിക് പെയിന്റ്, തോരണങ്ങൾ, ഒറിഗാമി എംബ്രോയ്ഡറി

# ആരോഗ്യകായിക വിദ്യാഭ്യാസം

## പ്രശ്നം

പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല

## ലക്ഷ്യം

കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസം

## കാരണങ്ങൾ

### കുട്ടികൾ

ആവശ്യമായ കളിസ്ഥലമില്ല

കളിയുപകരണങ്ങളില്ല

കായികാദ്ധ്യാപകരില്ല

കളി നിയമങ്ങളറിയില്ല

### അദ്ധ്യാപകർ

പരിശീലിപ്പിക്കുന്നതിനുള്ള അറിവില്ലായ്മ

ഗ്രൗണ്ടില്ല

### രക്ഷിതാവ്

കായിക പ്രവർത്തനങ്ങളോട് വിമുഖത

പരിക്കുപറ്റുമോയെന്ന ഭയം

ധാരണക്കുറവ്

പ്രോത്സാഹനക്കുറവ്

### സംവിധാനം

കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നില്ല

അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നില്ല

### പ്രവർത്തനങ്ങൾ

കായികമേളകൾ സജീവമാക്കൽ

ബോധവത്ക്കരണ ക്ലാസ്സ്

കളിയുപകരണങ്ങൾ സംഘടിപ്പിക്കൽ

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | മാസം / ആഴ്ച | ചുമതല | സാമ്പത്തികം | മോണിറ്ററിങ്ങ് |
|---|---|---|---|---|---|---|
| മലയാളം | പ്രീ ടെസ്റ്റ് | ഹ്രസ്വകാലം | June 1st Week | SRG<br>PTA | | HM |
| | വായനാമൂല ഒരുക്കൽ | ഹ്രസ്വകാലം | June 1st Week | PTA | 2000/ | HM |
| | എഴുത്തുകൂട്ടം<br>വായനക്കൂട്ടം | ദീർഘകാലം | June to March | Club<br>PTA | 500/ | HM |
| | അമ്മവായന | മധ്യകാലം | June 20 മുതൽ | PTA<br>SRG | | |
| | വായനാക്കാർഡ് ശില്പശാല | ഹ്രസ്വകാലം | July To Augest | PTA | 2000/ | PTA<br>HM |
| | ഭാഷാകേളികൾ | മധ്യകാലം | എല്ലാ മാസവും | Groups മലയാളം Club | | Class Tr<br>HM |
| | പതിപ്പ് | മധ്യകാലം | മാസത്തിലൊന്ന് | Class teacher | 1000/ | HM |
| | സർഗാത്മ പ്രവർത്തനം | ദീർഘകാലം | June to March | മലയാളം ക്ലബ് teacher | 500/ | HM |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | മാസം / ആഴ്ച | ചുമതല | സാമ്പത്തികം | മോണിറ്ററിങ്ങ് |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് | Pre Test | ഹ്രസ്വകാലം | June 1st Week | Class teacher | 500/ | HM |
| | Collection of Rhymes & Stories | ഹ്രസ്വകാലം | June to July | SRG Class teacher | 2000/ | HM |
| | English Assembly | മധ്യകാലം | Every Monday | Class Teacher HM | | HM |
| | Work shop Reading materials | ഹ്രസ്വകാലം | Sept | PTA SRG | 3000/ | HM PTA |
| | Games | ദീർഘകാലം | June to March | Class teacher | 500/ | HM |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | മാസം / ആഴ്ച | ചുമതല | സാമ്പത്തികം | മോണിറ്ററിങ്ങ് |
|---|---|---|---|---|---|---|
| EVS | പരീക്ഷണങ്ങൾ സാമഗ്രികൾ ശേഖരണം | ഹ്രസ്വകാലം | May 1st | SRG PTA | 2000/ | HM |
| | ലാബ് ഒരുക്കൽ | ഹ്രസ്വകാലം | May Last | SRG PTA | 3000/ | HM |
| | നിരീക്ഷണം | മധ്യകാലം | June to March | Class Teacher | 500/ | HM |
| | ഫീൽഡ് ട്രിപ്പ് | ദീർഘകാലം | June to March | Class Teacher | 2000/ | HM |
| | ബോധവൽക്കരണ ക്ലാസ്സുകൾ | മധ്യകാലം | June to March | PTA | 2000/ | HM PTA |
| | ജൈവവൈവിധ്യ ഉദ്യാനം | ദീർഘകാലം | 1 Year | PTA SSA SSG | 10,000/ | HM PTA SSA |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | മാസം / ആഴ്ച | ചുമതല | സാമ്പത്തികം | മോണിറ്ററിങ്ങ് |
|---|---|---|---|---|---|---|
| ഗണിതം | പ്രീടെസ്റ്റ് | ഹ്രസ്വകാലം | June 1st Week | Class Teacher | 300/ | HM |
| | മൂർത്തശേഖരണം | ഹ്രസ്വകാലം | May last Week | PTA<br>SRG | 1000/ | HM |
| | പഠനോപകരണ ശില്പശാല | ഹ്രസ്വകാലം | June last week | PTA<br>Class teacher | 5000/ | HM<br>PTA |
| | ഗണിത ക്യാമ്പ് | ഹ്രസ്വകാലം | Oct 1st week | PTA<br>SRG | 2000/ | PTA<br>HM |
| | ഗണിതകളികൾ | മധ്യകാലം | June to March | Class teacher | 500/ | HM |

| വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | മാസം / ആഴ്ച | ചുമതല | സാമ്പത്തികം | മോണിറ്ററിങ്ങ് |
|---|---|---|---|---|---|---|
| പ്രവൃത്തി പരിചയം | ഒറിഗാമി | ഹ്രസ്വകാലം | ജൂൺ | Teacher | 500/ | HM |
| | Fabric Paint | ഹ്രസ്വകാലം | ആഗസ്റ്റ് | Teacher | 500/ | HM |
| | Vegetable printing | ഹ്രസ്വകാലം | സെപ്റ്റംബർ | Teacher | 500/- | HM |
| | ആൽബം നിർമ്മിക്കാം | ഹ്രസ്വകാലം | ഒക്ടോബർ | Teacher | 500/- | HM |
| | തോരണങ്ങൾ, Flower അലങ്കാര വസ്തുക്കൾ നിർമ്മാണം Embrodary | ഹ്രസ്വകാലം | Nov<br>Dec<br>Jan<br>Feb | Teacher | 500/- | HM |
| കലാപഠനം | ബാലസഭ | മധ്യകാലം | മാസത്തിലൊന്ന് | SRG | 500/- | HM |
| | School fest | ഹ്രസ്വകാലം | March | SRG<br>PTA | 20,000/- | HM |
| ആരോഗ്യം കായിക വിദ്യാഭ്യാസം | കായികമേള | ഹ്രസ്വകാലം | Nov | SRG<br>PTA | 1000/- | PTA |
| | ബോധവത്ക്കരണ ക്ലാസ് | ഹ്രസ്വകാലം | July 1st Week | PTA<br>MPTA | 500/- | PTA |
| IEDC വിദ്യാഭ്യാസം | കുട്ടികളെ കണ്ടെത്തൽ | ഹ്രസ്വകാലം | June 1st | Teacher | | |
| | അനുയോജ്യമായ പ്രവർത്തനങ്ങൾ | മധ്യകാലം | June to March | Teacher | | |
| | ബോധവത്കരണ ക്ലാസ്സ് | മധ്യകാലം | July | PTA | 500/- | HM |

# ഭൗതിക പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തണമെങ്കിൽ സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ കൂടി മികച്ചതാക്കേണ്ടതുണ്ട് ഇതിനായി PTA, SSG പൂർവ്വവിദ്യാർത്ഥികൾ, ഗവൺമെന്റുകൾ എന്നിവയുടെ പിന്തുണയോടെ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടതുണ്ട്.

* Smart Class മുറികൾ നിർമ്മിക്കുക
* ലൈബ്രറി നവീകരണം
* ആവശ്യമായ ഫർണീച്ചറുകൾ ഒരുക്കുക
* പ്രത്യേക വായനാമുറികൾ
* ലാബുകൾ
* Sports ഉപകരണങ്ങൾ
* കളിസ്ഥലം ഒരുക്കൽ
* പഠനോപകരണങ്ങൾ സജ്ജീകരിക്കൽ

# PTA

ശ്രീ പ്രമോദ് എ (പി ടി എ പ്രസിഡന്റ്)

ശ്രീമതി ഹാജിറ ബീവി (പിടിഎ വൈസ് പ്രസിഡന്റ്)

ശ്രീ വിജേഷ്

ശ്രീ ശ്രീജിത്ത്

ശ്രീ ശിവദാസൻ

ശ്രീ. ശ്രീജേഷ്

ശ്രീ. ഹരികുമാർ

ശ്രീ.വിപിൻ

ശ്രീ. ബിജു

ശ്രീ. വിശാഖ്

ശ്രീമതി. സംഗീത

ശ്രീ. ഷിജു

ശ്രീമതി. സാബിറ

ശ്രീമതി. ഫസ്ന

ശ്രീമതി. റഫീഹ

# MPTA

ശ്രീമതി. അഞ്ജു (MPTA പ്രസിഡണ്ട്)

ശ്രീമതി.അമൃത(MPTA വൈ. പ്രസിഡണ്ട്)

ശ്രീമതി. ജിഷ

ശ്രീമതി. വിദ്യ

ശ്രീമതി. സുജിത

ശ്രീമതി. ഗായത്രി

ശ്രീമതി. മിഥുന

ശ്രീമതി. നസീറ

ശ്രീമതി. ഷിബിത

ശ്രീമതി. റെന്യ

ശ്രീമതി. അമൃത ജിഷ്ണു

# ഉപസംഹാരം

വളർന്നു വരുന്ന പുതിയ തലമുറയ്ക്ക് ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസവും ദിശാബോധവും നൽകുകയും ഭാഷാപരവും സർഗ്ഗാത്മകവുമായ കഴിവുകൾ പോഷിപ്പിക്കുകയും ചെയ്ത് അവരെ മികച്ച പൗരന്മാരാക്കി തീർക്കുകയും ചെയ്യുക എന്ന ലക്ഷ്യം വെച്ച് അടുത്ത മൂന്ന് വർഷത്തേയ്ക്കുള്ള പദ്ധതികളാണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്.

ഇതിൽ ഓരോ വർഷവും കൂട്ടിച്ചേർക്കലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണ്ടിവരും. ജനകീയ പങ്കാളിത്തത്തോടെയുള്ള ഈ പരിപാടിയിലൂടെ വിദ്യാലയത്തെ 3 വർഷം കൊണ്ട് ഉന്നതിലെത്തിക്കുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം.